ടെ കാലാവധി അവസാനിപ്പിച്ചു തിരഞ്ഞെടുപ്പു നടത്തണം. അതിനുമുമ്പ് ഈ Priority list തയ്യാറാക്കരുതെന്നുകൂടി എനിക്ക ബഹുമാനപ്പെട്ട മന്ത്രിയോട് അപേക്ഷിക്കുവാനുണ്ട്. നിയമസഭാതിരഞ്ഞെടുപ്പു കഴിഞ്ഞു, മനിസിപ്പൽ എലക്ഷനും കഴിയാറായി. അപ്പോം പഞ്ചായത്തു തിരഞ്ഞെടുപ്പ് ഉടനെ നടത്തണമെന്നുള്ളതു ന്യായം മാത്രമാണ്. ഈ സംഗതി ഞാൻ ശവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനായി ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, തിരഞ്ഞെടുപ്പു നടത്തുന്ന കാര്യത്തിൽ വളരെ ശ്രദ്ധയായി പ്രവത്തിക്കുന്നുണ്ട്. അടുത്തുതന്നെ തിരഞ്ഞെടുപ്പു നടത്തുന്നതാണ്. കാലതാമസം വരികയില്ല.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അടുത്തുതന്നെ തിരഞ്ഞെടുപ്പു നടത്താമെന്നു പറഞ്ഞു. അതു മകരം മു ഠാംതീ-ക്കു മുമ്പുതന്നെ നടത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുവാൻ ഈ സഭയുടെ അനുമതിക്കുവേണ്ടി അപേക്ഷിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 20

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: To reduce the allotment of Rs. 7,27,639 for Village Panchayats in Demand No. 5 by Re. 1 (എളങ്കുളം ഹിൽപാലസ് റോഡിനു വടക്കു വശത്തായി അന്നാട്ടുകാക്കു കൂടിക്കുവാൻ ഉപയോഗിക്കുന്നതിനായി ഒരു പൊതുകെട്ടിനുള്ള സ്ഥലം ശവമ്മെണ്ടിൽനിന്നു അകപ്രയർ ചെയ്തെടുത്തു കഴിപ്പിച്ചുതരുവാൻ വേണ്ട നടപടികൾ എടുക്കണമെന്ന് അവശ്യപ്പെടുവാൻ)

സർ, ഈ സംഗതി ഒന്നാലോചിച്ചാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ഇപ്പോൾ ഒരു കെട്ടുണ്ട്. ഒരെണ്ണംകൂടി വേണമോ എന്നന്വേഷിക്കാം. വേണമെന്നു കണ്ടാൽ അങ്ങിനെ ചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: എളങ്കുളം സെന്ററിലാണ് ഇപ്പോൾ ഒരു കെട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്വേഷിച്ചു വേണ്ടതു ചെയ്യാം.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഞാൻ ഈ കട്ടമോഷൻ പിൻവലിക്കുന്നു.

Motion, by leave, withdrawn

CUT MOTION No. 21

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: To reduce the allotment of Rs 7,27,636 for Village Panchayats (Total) in Demand No. 5 by Re. 1 (എളങ്കുളം നിവാസികളുടെ പ്രചോദനത്തിനു സഹായകമായ തരത്തിൽ സൌകര്യപ്രദമായ സ്ഥലത്തു ഒരു റേഡിയോ സ്ഥാപിച്ചുതരേണ്ടതാണെന്നു ശവമ്മെണ്ടിനോടഭ്യർത്ഥിക്കുവാൻ)

സർ, എളങ്കുളത്തു ഒരു റേഡിയോ വേണമെന്നാണ് ഈ കട്ടമോഷൻ കൊണ്ടു ഞാൻ അപേക്ഷിക്കുന്നതു്.

* മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, ബഹുമാനപ്പെട്ട മെമ്പർ, റേഡിയോ സ്ഥാപിക്കുന്ന കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട ജന്മിമെമ്പർ പറഞ്ഞ അഭിപ്രായം കേട്ടിരിക്കുമല്ലോ? ആ വക കാര്യങ്ങളൊക്കെ വെച്ചുകൊണ്ട് ഈ കാര്യത്തിൽ ആകുന്നവിധം ചെയ്യുന്നതാണ്.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ഞാൻ ഈ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn
Demand put and carried

(ii) 3—Panchayats (Cranganur)

Mr. P. Govinda Menon *(Minister for Finance and Law)*: Under 3—Panchayats-Cranganur, I move that an amount of Rs. 7,030 be granted to Government.

Mr. E. Ikkanda Warrier *(Prime Minister)*: I second it.

CUT MOTION

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: To reduce the allotment of Rs. 7,030 for (Panchayats (Cranganur) in Demand No. 3 by Re. 1 (കൊടുങ്ങല്ലൂർ പഞ്ചായത്തുകൾക്കു കൂടുതൽ പണം അനുവദിച്ചുകൊടുക്കണമെന്നു ശവമ്മെണ്ടിനെ ഉൽബോധിപ്പിക്കുവാൻ)

* Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kunjumoideen]

സർ, ഈ ബഡ്ജറ്റിൽ പഞ്ചായത്തുകളുടെ ആവശ്യത്തിനായി ക്ഷ, ങ ങ,ന്യ ം ം ശ്രീ പ കൊള്ളിച്ചിട്ടുണ്ട്. സ്റ്റേറ്റിൽ ഇന്ന് ഉദ്ദേശം ക്ഷ ം ം പഞ്ചായത്തുകളാണുള്ളത്. ഈ സംഖ്യ ഈ പഞ്ചായത്തുകൾക്കായി വീതിക്കുന്നപക്ഷം ഓരോ പഞ്ചായത്തിനും ക്ഷ, ങ ന്യ ശ്രീപ വീതം കിട്ടുന്നതാണ്. എന്നാൽ കൊടുങ്ങല്ലൂരിലെ പഞ്ചായത്തുകളുടെ നില ഇതിൽ നിന്നും വളരെ വ്യത്യസ്തമായ ഒന്നാണ്. കൊടുങ്ങല്ലൂരിന് അനുവദിച്ചിട്ടുള്ള തുക ആകെ ൻ.ഡ ക്ഷ ം ശ്രീപയാണ്. അവിടെ ഇപ്പോൾ മൂന്ന് പഞ്ചായത്തുകളുണ്ട്. ഈ ൻ,ഡ ക്ഷ ം ശ്രീപ ന പഞ്ചായത്തുകൾക്കുകൂടി വീതിച്ചാൽ ഓരോന്നിനും ന, ം ൈ ം ശ്രീപ കിട്ടും. അതായത് സ്റ്റേറ്റിലെ പഞ്ചായത്തുകൾക്ക കിട്ടുന്നതിന്റെ നാലിലൊന്നുപോലും കിട്ടുന്നില്ല.

മിസ്റ്റർ കോടനാട്ട നാരായണൻനമൂതിരിപ്പാട്: ഇതിലും കുറഞ്ഞതുകകൾ കിട്ടുന്ന പഞ്ചായത്തുകൾ സ്റ്റേറ്റിലുണ്ടെന്ന് എനിക്കറിയാം.

മിസ്റ്റർ സി. യു. നാരായണൻ: സ്റ്റേറ്റിലെ പഞ്ചായത്തുകൾക്ക കൊടുങ്ങല്ലൂരിനു കിട്ടുന്നതിന്റെ നാലിരട്ടിയിലധികം കിട്ടുന്നുണ്ട്.

മിസ്റ്റർ സി. വി. ഇയ്യു: കൊടുങ്ങല്ലൂർ പഞ്ചായത്തിനു കിട്ടുന്നതിന്റെ പകുതിപോലും കിട്ടാത്ത പഞ്ചായത്തുകളുണ്ട്.

മിസ്റ്റർ സി. യു. നാരായണൻ: സർ, കൊടുങ്ങല്ലൂരിനു കിട്ടുന്നതിന്റെ നാലിരട്ടിയിലധികം സ്റ്റേറ്റിനു കിട്ടുന്നുണ്ട്. ഇതനുവദിക്കത്തക്കതല്ല. ഇതു ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തണമെന്നു മാത്രമെ ഞാനുദ്ദേശിക്കുന്നുള്ളൂ. മറ്റുള്ള പഞ്ചായത്തുകൾക്കു കിട്ടുന്ന തുകയെങ്കിലും കൊടുങ്ങല്ലൂർ പഞ്ചായത്തിനു കിട്ടണം. കൊടുങ്ങല്ലൂരിനെ ഒരു പ്രത്യേക വിഭാഗമായി കണക്കാക്കുകയില്ലെന്നു ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റുപ്രസംഗത്തിൽ പറയുകയുണ്ടായി. പക്ഷെ, ഇതുവരെ സംഗതികൾ കാണുമ്പോൾ അതു വിശ്വസിക്കുവാൻ നിവൃത്തിയില്ല. കൊടുങ്ങല്ലൂരിനോട് ഒരു ചിറ്റമ്മനയമാണ് കാണിക്കുന്നത്. ഇതുവരെ കൊടുങ്ങല്ലൂരിനോട് നീതി പ്രവർത്തിച്ചിട്ടില്ല. നീതി പ്രവർത്തിക്കേണ്ടതു ഗവൺമെന്റിന്റെ ചുമതലയാണ്. പ്രജായത്തഭരണം വന്നിട്ട ആദ്യമായവതരിപ്പിക്കുന്ന ബഡ്ജറ്റാണിതു. ഈ ബഡ്ജറ്റിൽ കൂടി ഞങ്ങളോട് നീതിപ്രവർത്തിച്ചിട്ടില്ല. ഇതിനുമുമ്പും ഞങ്ങളോട് അനീതിയെ പ്രവൃത്തിച്ചിട്ടുള്ളൂ. അതിനുകൂടി വകകണ്ടെത്തുമെന്നതിനായിരം ശ്രുപയെങ്കിലും കൊടുങ്ങല്ലൂർ പഞ്ചായത്തുകൾക്കായി മാറ്റിവെയ്ക്കുമാണ് ഞാൻ അഭ്യർത്ഥിക്കുന്നതു.

*മിസ്റ്റർ പി. ഗോവിന്ദമേനോൻ: സർ, കൊടുങ്ങല്ലൂരിനോട് ഏതെങ്കിലും തരത്തിലുള്ള ചിറ്റമ്മനയം ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടെന്നു ഗവൺമെന്റ് സമ്മതിക്കുന്നില്ല. ഒന്നാമതായി കൊടുങ്ങല്ലൂരിനുണ്ടെന്നു പറയുന്ന പ്രത്യേകഎൻടിറ്റി (Entity) ഞാൻ വകവെയ്ക്കുന്നില്ല. അതിനെ വകവെച്ചാൽ മാത്രമെ ഈവാദം പരിഗണിക്കാൻ പാടുള്ളൂ. കൊടുങ്ങല്ലൂരിലെ പഞ്ചായത്തിനു് രണ്ടോ, മൂന്നോ ആയിരംശ്രുപ കൂടുവുണ്ടെങ്കിൽ, ഈ ബഡ്ജറ്റ് മുഴുവൻ പരിശോധിച്ചാൽ ഈ തോതിനേക്കാൾ എത്രയോ കുറഞ്ഞസംഖ്യകൾ കൊള്ളിച്ചിട്ടുള്ള പഞ്ചായത്തുകളും വേറെയുണ്ടെന്നു മനസ്സിലാക്കേണ്ടതാണ്. ബഹുമാനപ്പെട്ട കുന്നങ്കുളം മെമ്പറും ബഹുമാനപ്പെട്ട ജന്മിമെമ്പറും ഇതിലും ചുരുങ്ങിയ സംഖ്യയുള്ള പഞ്ചായത്തുകളും ഇതിന്റെ പകുതിപോലുമില്ലാത്ത പഞ്ചായത്തുകളുമുണ്ടെന്നു് ഇവിടെ പറയുകയുണ്ടായി. ആ പഞ്ചായത്തുകളുടെയെല്ലാമുള്ള രാജ്യവിഭാഗത്തിലടങ്ങിയ കൊടുങ്ങല്ലൂരിലെ ഒരു മെമ്പർ എഴുന്നേറ്റുനിന്നു് 'ഞങ്ങളോടു ചിറ്റമ്മനയം കാണിക്കുന്നു'വെന്നു പറഞ്ഞാൽ അതിലെന്തു നീതിയുണ്ട്! കൊടുങ്ങല്ലൂർ ഒരു പ്രത്യേകസംസ്ഥാനമാണെന്നുള്ള ഒരു പ്രത്യേകമനഃസ്ഥിതിവെച്ചുകൊണ്ടു പറയുന്ന ആ ഒരു ഉപബോധനയം വിട്ടുകൊണ്ടല്ലാതെ പറയുന്നതു് എത്രമാത്രം ശരിയാണെന്ന ഇത്രയും പറഞ്ഞതുകൊണ്ടു് കൊടുങ്ങല്ലൂരിനു എന്തെങ്കിലും ചെയ്യേണ്ടതു വിട്ടുപോയിട്ടുണ്ടെങ്കിൽ അതു ചെയ്യുകയില്ലെന്നല്ലാ പറയുന്നതു്. പക്ഷെ, കൊടുങ്ങല്ലൂരിനു് ഒരു പ്രത്യേകതയുണ്ടെന്നുള്ള ആ മനഃസ്ഥിതി ഉപേക്ഷിക്കണമെന്നു ഞാൻ അവരുടെ സംരക്ഷണത്തിനുവേണ്ടിതന്നെ വാദിക്കുന്നു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ: ഞാൻ ഉപക്ഷേപം പിൻവലിക്കുന്നു.

Motion, by leave, withdrawn

*Speech not corrected by the Hon'ble member.

LIBRARY ARCHIVES Kerala Legislative Assembly